**അനുബന്ധം**

ഓർഡിനൻസിലെയോ, അതിൻ കീഴിലുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി അഡ്മിഷൻ നടത്തിയെന്ന പരാതികളിലെ വാദം കേൾക്കുകയും അന്വേഷണം നടത്തുകയും സ്ഥാപനങ്ങൾ പരിശോധിക്കുകയും ചെയ്യുക എന്നിവ കമ്മിറ്റിയുടെ കർത്തവ്യങ്ങളും അധികാരങ്ങളുമാണ്.

ഓർഡിനൻസിൽ വിഭാവന ചെയ്യുന്ന പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് രേഖകൾ കണ്ടെത്തി പരിശോധിക്കുക, സാക്ഷികളെ വിളിച്ചുവരുത്തി വിസ്തരിക്കുക, സത്യവാങ്മൂലംവഴി തെളിവുകൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ 1908-ലെ Code of Civil Procedure (Central Act 5 of 1908) പ്രകാരം കമ്മിറ്റിക്ക് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

അഡ്മിഷൻ, ഫീസ് ഈടാക്കൽ എന്നിവയിൽ ഓർഡിനൻസിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് ബോദ്ധ്യപ്പെട്ടാൽ സ്ഥാപനങ്ങൾക്കെതിരെ താഴെപ്പറയുന്ന നടപടികൾ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാവുന്നതാണ്.

(എ) 12% പലിശയോടുകൂടി പത്ത് ലക്ഷം രൂപ വരെ പിഴ (Fine) ഈടാക്കുക.

(ബി) ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയ അഡ്മിഷനുകൾ invalid ആയി പ്രഖ്യാപിക്കുക. അപ്രകാരം പ്രഖ്യാപിച്ചാൽ സ്ഥാപനം അത്തരം അഡ്മിഷൻ ഉടനടി റദ്ദ് ചെയ്യുകയും വിദ്യാർത്ഥിയുടെ എൻറോൾമെന്റ് പരീക്ഷാ ഫലവും യൂണിവേഴ്സിറ്റി റദ്ദ് ചെയ്യേണ്ടതുമാണ്.

(സി) കമ്മിറ്റി നിശ്ചയിച്ച ഫീസിനു പുറമേ വാങ്ങിയ തുക, തലവരിപ്പണം ലാഭമുണ്ടാക്കുന്നതിനു വാങ്ങിയ തുക തുടങ്ങിയവ മടക്കിനൽകുന്നതിന് ഉത്തരവിടുക.

ഇപ്രകാരം തുക മടക്കിനൽകുന്നതിൽ സ്ഥാപനം പരാജയപ്പെടുന്ന പക്ഷം ടി തുക വസ്തുവിന് മേലുള്ള പൊതു വരുമാനത്തിന്റെ കുടിശ്ശിക എന്നതുപോലെ കണ്ട് 12% പലിശ സഹിതം തിരികെ ഈടാക്കി കുട്ടികൾക്ക് നൽകുന്നതാണ്.

(ഡി) അഡ്മിഷൻ നിർത്തിവയ്ക്കുന്നതിനോ ഏതെങ്കിലും മെഡിക്കൽ കോഴ്സിലെ അനുവദിച്ച സീറ്റുകളുടെ (Sanctioned intake) എണ്ണം കുറയ്ക്കുന്നതിനോ ഉത്തരവിടുക.

(ഇ) സ്ഥാപനത്തിന്റെ recognition പിൻവലിക്കുന്നതിന് ശിപാർശ ചെയ്യുക.

(എഫ്) അനുയോജ്യമായ മറ്റ് നടപടികൾ ശിപാർശ ചെയ്യുക.

കൂടാതെ ഈ ഓർഡിനൻസിലെ ഖണ്ഡം-17 പ്രകാരം ഓർഡിനൻസിലെയോ

മറ്റ് നിയമങ്ങളിലെയോ വ്യവസ്ഥകൾ എന്തുതന്നെയായാലും ഫീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. ഇത്തരം വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ നടപടികൾ കൊണ്ടാണ്.

SC/ST വിഭാഗത്തിലും മറ്റ് പിന്നോക്ക വിഭാഗത്തിലും പെടാത്ത നിർദ്ധനരായ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ആവശ്യമായി വരികയാണെങ്കിൽ വിദ്യാഭ്യാസ ലോൺ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നതാണ്.